# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 669 — 03.11.2016-ൽ മറുപടിക്ക്

## പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി.കെ.സി. മമ്മത് കോയ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ കാലത്തുണ്ടായ തായി ആക്ഷേപമുള്ള ക്രമക്കേടു കളും അഴിമതിയും ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ; | എ) | ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലും ധനകാര്യ പരിശോധനാ വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ച് വരുന്നു.<br>ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് സ.ഉ. (കൈ) നമ്പർ 64/16/പജപവവിവ തീയതി 10.08.2016 പ്രകാരം പദ്ധതി നടത്തിപ്പ് സമയത്ത് അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ആയിരുന്ന ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| ബി) | സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളിൽ പലതും ആദിവാസി ഊരുകളിൽ എത്തുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമോ; | ബി) | സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഊരുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കോളനികളിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു. പട്ടിക വർഗ്ഗക്കാർക്കായുള്ള 90% വ്യക്തിഗത സാമ്പത്തികാനുകല്യങ്ങളും ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്. |
| സി) | ഏകദേശം 25 ശതമാനം ആദിവാസികൾക്ക് റേഷൻ കാർഡ് പോലുമില്ലാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

27/…/17

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ആയിരിക്കെ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയ ശ്രീ. ബി.എസ്. പ്രേമാനന്ദിനെ നിലവിൽ ഇടുക്കി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ. (കൈ) നമ്പർ: 64/16/പജ.പവ.വിവ. തിരുവനന്തപുരം, തീയതി: 1 .08.2016.

പരാമർശം: ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27/06/2016 തീയതിയിലെ 276/FIW-E1/2016/FIN നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ആയി ജോലി ചെയ്തിരുന്ന ശ്രീ. ബി. എസ്. പ്രേമാനന്ദ്, ജനനി ജന്മരക്ഷാ പദ്ധതി നടത്തിപ്പിനായി കൈപ്പറ്റിയ തുക യഥാസമയം പൂർണ്ണമായി വിനിയോഗിക്കാതെ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി പദ്ധതി നടത്തിപ്പിൽ സമഗ്രമായ അന്വേഷണം നടത്തണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധന നടത്തുകയും ഗുരുതരമായ ക്രമക്കേടുകൾ പദ്ധതി നടത്തിപ്പിൽ കണ്ടെത്തി ശുപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള പട്ടികവർഗ്ഗക്കാരായ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച ധനസഹായത്തിൽ നിന്നും പണാപഹരണം നടത്തുകയും ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുക, കൈപ്പറ്റാതെ തിരിച്ചെത്തിയ മണിയോർഡർ തുക യഥാസമയം തിരിച്ചടക്കാതിരിക്കുക എന്നീ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി.എസ്. പ്രേമാനന്ദ് (ഇപ്പോൾ പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, ഇടുക്കി) നടത്തിയതായും ടിയാൻ തന്റെ ഔദ്യോഗിക പദവി വ്യക്തിപരമായ സാമ്പത്തിക നേട്ടത്തിനുവേണ്ടി ദുരുപയോഗം ചെയ്തതായും ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥനെന്ന നിലയിൽ സർക്കാരിനോടും പൊതുജനങ്ങളോടും വിശ്വസ്തത കാണിക്കാത്തതിനാൽ ശ്രീ. ബി. എസ്. പ്രേമാനന്ദിനെ അച്ചടക്കനടപടിയുടെ ഭാഗമായി അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് അടിയന്തിരമായി സസ്പെന്റ് ചെയ്യേണ്ടതാണെന്നും കേരള ഫിനാൻഷ്യൽ കോഡ് 303A, 303B, 304, 305 എന്നീ വകുപ്പുകൾ പ്രകാരം ഉടനടി നടപടി സ്വീകരിക്കേണ്ടതും ക്രിമിനൽ കേസ്സ് രജിസ്റ്റർ ചെയ്ത് ടിയാനെതിരെ സമഗ്ര അന്വേഷണം നടത്തി നിയമ നടപടിയ്ക്ക് വിധേയമാക്കേണ്ടതാണെന്നും മണിയോർഡർ അയയ്ക്കാതെ കയ്യിൽ ബാക്കിയായി നിന്നിരുന്ന 19,39,100/- രൂപയും തിരികെ വന്ന മണിയോർഡർ ഇനത്തിൽ അക്കൗണ്ടിലേക്ക് തിരിച്ചടക്കാതിരുന്ന 1,68,000/- രൂപയും ഉൾപ്പെടെ 21,07,100/- രൂപ ടിയാനിൽ നിന്ന് വസൂലാക്കേണ്ടതാണെന്നും അനധികൃതമായി കൈവശം വച്ച തുകയുടെ 18% പലിശയായ 7,53,047 രൂപ ശ്രീ. ബി.എസ്. പ്രേമാനന്ദനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

കൂടാതെ 19,39,100/- രൂപയ്ക്ക് 2016 ജൂൺ 1 മുതൽ, തുക തിരിച്ചടയ്ക്കുന്ന തീയതിവരെയുള്ള പലിശയും, മണിയോർഡർ റിട്ടേണായി ലഭിച്ച തുകയിൽ തിരിച്ചടയ്ക്കാനുള്ള തുകയായ 1,68,000/- രൂപയ്ക്ക് 15/09/2015 മുതൽ തുക തിരിച്ചടയ്ക്കുന്നതുവരെയുള്ള 18% പലിശയും കൂടി ശ്രീ. ബി.എസ്. പ്രേമാനന്ദിൽ നിന്നും ഈടാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ മുന്നോടിയായി പൊതു താല്പര്യം മാനിച്ച് ശ്രീ. ബി.എസ് പ്രേമാനന്ദിനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ, വിശദമായ അന്വേഷണം വിധേയമായി ശ്രീ. ബി.എസ്. പ്രേമാനന്ദിനെ ഉടനടി പ്രാബല്യത്തിൽ വരത്തക്കവിധം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. ബി.എസ്. പ്രേമാനന്ദിന് KCS(CC&A) ചട്ടം 10(7) പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വേണു. വി.**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) / ആഡിറ്റ്), കേരള, തിരുവനന്തപുരം
2. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
3. ശ്രീ. ബി.എസ്. പ്രേമാനന്ദ്, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, ഇടുക്കി.
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേക്ക്)
5. ധനകാര്യ വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Deep

സെക്ഷൻ ഓഫീസർ

Deep SO